**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1075** **06-02-2023 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ ബോട്ട് ജെട്ടികളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിലെ പ്രധാനപ്പെട്ട ബോട്ട് ജെട്ടികളായ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചെറു വൈപ്പ്, മനപ്പിള്ളി, പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായി തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചെറുവൈപ്പ്, മനപ്പിള്ളി ബോട്ട് ജെട്ടികളുടെ സിവിൽ വർക്കുകൾക്കായി 84,00,000/- രൂപ വീതമുള്ള എസ്റ്റിമേറ്റും, പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായി ബോട്ട് ജെട്ടിയുടെ സിവിൽ വർക്കുകൾക്കായി 97,00,000/- രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സമർപ്പിക്കപ്പെട്ട ഇരുന്നൂറ്റിഅറുപത്തിയഞ്ചു ലക്ഷം രൂപയുടെ പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമെ ടി. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. |
| (സി) | ഇല്ലെങ്കിൽ അനുമതി നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ? | (സി) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമെ ടി. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ